"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.വിനീത.എസ്., കൺസൾട്ടന്റ് (ഗൈനക്കോളജി) ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA[EKM] 578/2024-ന്മേലുള്ള 08.10.2024-ലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3020/2024/H&FWD തീയതി,തിരുവനന്തപുരം, 12-12-2024

---

പരാമർശം:-
1. ഡോ.വിനീത.എസ്. സമർപ്പിച്ച 04.09.2023-ലെ അപേക്ഷ.
2. 21.03.2024-ലെ എ2/41/2024/ആകുവ നമ്പർ സർക്കാർ കത്ത്.
3. OA[EKM] 578/2024-ന്മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08.10.2024 തീയതിയായ ഉത്തരവ്.

**ഉത്തരവ്**

തൃശ്ശൂർ, ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റായി ജോലി നോക്കിയിരുന്ന ഡോ.വിനീത.എസ്. 03/12/2023 പൂർവാഹ്നം മുതൽ സർവ്വീസിൽ നിന്നും സ്വമേധയാ വിരമിക്കുവാൻ അനുമതി ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. തൃശ്ശൂർ ജനറൽ ആശുപത്രിയിൽ പ്രസവത്തിനായി പ്രവേശിപ്പിച്ചിരുന്ന ശ്രീമതി.റനീഷ ജയേഷിന്റെ ഗർഭസ്ഥ ശിശു മരണപ്പെട്ട വിഷയത്തിൽ ഡോ.വിനീത ഉൾപ്പടെയുള്ള ആശുപത്രി അധികൃതർക്ക് സ്വകാര്യ ലാബുകളുമായി അവിശുദ്ധ കൂട്ടുകെട്ട് ഉണ്ടെന്ന് ലഭിച്ച പരാതി അന്വേഷണം നടത്തുന്നതിനായി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോക്ക് നൽകിയിരുന്നു. കെ.എസ്.ആർ. ഭാഗം III ചട്ടം 56 (i) പ്രകാരം സ്വയം വിരമിക്കലിന് ഒരു ജീവനക്കാരൻ അപേക്ഷ നൽകിയാൽ മൂന്നു മാസത്തിനകം അപേക്ഷ നിരസിച്ചിട്ടില്ലായെങ്കിൽ ചട്ടം 56 (i) പ്രകാരം സ്വയം വിരമിക്കൽ നിലവിൽ വരുന്നതാണ്. എന്നിരുന്നാലും ഡോ.വിനീത.എസ്. വിജിലൻസ് അന്വേഷണം നേരിടുന്ന സാഹചര്യത്തിൽ ടിയാൾക്ക് സ്വയം വിരമിക്കലിനുള്ള അനുമതി നൽകേണ്ടതില്ലായെന്ന്

സർക്കാർ തീരുമാനം കൈക്കൊള്ളുകയും, പരാമർശം (4) പ്രകാരം ഈ വിവരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിരുന്നു.

2) സ്വമേധയാ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനുള്ള അപേക്ഷ നിരസിച്ചതിനാൽ ആയത് അനുവദിച്ച് നൽകുന്നതിനുള്ള ഉത്തരവിനായി ഡോ.വിനീത ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 578/2024 ഹർജി ഫയൽ ചെയ്തിരുന്നു. ഡോ.വിനീത സ്വയം വിരമിക്കുന്നതിനുള്ള തീയതിക്ക് 3 മാസത്തിനു മുൻപ് അപേക്ഷ സമർപ്പിക്കുകയും, എന്നാൽ വിജിലൻസ് അന്വേഷണം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് അപേക്ഷക 03.12.2023-നു മുൻപായി 1-ാം എതിർകക്ഷിയോ, 2-ാം എതിർകക്ഷിയോ ടി അപേക്ഷ നിരസിച്ചിട്ടില്ലാത്തതിനാൽ, കെ.എസ്.ആർ. ഭാഗം III ചട്ടം 56(v) ഈ വിഷയത്തിൽ ഉപയോഗിക്കുവാൻ സാധിക്കുകയില്ല എന്നും, ആയതിനാൽ സ്വമേധയാ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനായുള്ള അപേക്ഷ നിരസിച്ചുകൊണ്ടുള്ള കത്തുകൾ ബഹു:ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും, അപേക്ഷക പെൻഷൻ അപേക്ഷ സമർപ്പിച്ച സാഹചര്യത്തിൽ ഉത്തരവ് കൈപ്പറ്റി 2 മാസത്തിനുള്ളിൽ അപേക്ഷകയുടെ പെൻഷൻ ആനുകൂല്യങ്ങൾ വിട്ടുതൽ ചെയ്ത് നൽകുന്നതിനും പരാമർശം (3) പ്രകാരം ബഹു:ട്രിബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡോ.വിനീത-ക്കെതിരെയുള്ള വിജിലൻസ് കേസിന്റെ അന്തിമ ഉത്തരവിനു വിധേയമായി ടിയാൾക്ക് സ്വയം വിരമിക്കലിനുള്ള അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ, അപേക്ഷകയുടെ പെൻഷൻ ആനുകൂല്യങ്ങൾ 08.05.2023-ലെ സ.ഉ.(അച്ചടി) നം.46/2023/ധന ഉത്തരവിലെ Annexure-2 (c) Undertaking വാങ്ങി അനുവദിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

4) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 578/2024 മേലുള്ള 08.10.2024-ലെ പരാമർശം (3) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തൃശ്ശൂർ.

ഡോ.വിനീത.എസ്., കൺസൽട്ടന്റ് (ഗൈനക്കോളജി), സുസ്മൃതി, മറുവൻചേരി ലെയിൻ, ചക്കാമുക്ക്, പൂങ്കുന്നം പി.ഒ., തൃശ്ശൂർ - 680 002.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Anupama G Nair
Date: 13-12-2024 14:20:52

മേലെഴുത്ത് നം: 10967/2024/ED3 തീയതി. 16/12/2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി